# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 501 06-03-2012 ന് മറുപടിയ്ക്ക്

### വന്യമൃഗവേട്ട തടയുന്നതിനു നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു. കുരുവിള : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വന്യമൃഗവേട്ട തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | എ) വന്യമൃഗവേട്ട തടയുന്നതിന് വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.<br>2. മൃഗവേട്ടക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, വന്യജീവി സംരക്ഷണ നിയമ പ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.<br>3. മൃഗവേട്ടയുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പാരിതോഷികം നല്കുന്നു.<br>4. മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്ന പ്രദേശ ങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാ ക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കു കയും ചെയ്തിട്ടുണ്ട്.<br>5. വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അയൽ സംസ്ഥാനങ്ങളു മായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും, വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും |

സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളു കയും ചെയ്യുന്നുണ്ട്.

6. വനത്തിന്റെയും, വന്യജീവികളുടെയും സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്.

ബി) വനം വകുപ്പിലെ വിജിലൻസ് സ്ക്വാഡ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ബി) വിജിലൻസ് സ്ക്വാഡ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിന്റെ ഡിവിഷൻതല പ്രവർത്തനങ്ങൾ കൂടെക്കൂടെ വിലയിരുത്തി മാർഗ്ഗ നിർ ദ്ദേശങ്ങൾ നൽകുന്നുണ്ട്. രഹസ്യാന്വേഷണം കൂടുതൽ ഫലപ്രദമാക്കാനുള്ള പരിശീലനങ്ങൾ പോലീസ് വകുപ്പിന്റെ സഹായത്തോടെ നൽകി വരുന്നുണ്ട്.

സി) വനം വകുപ്പ് നടത്തിയ വനം വന്യജീവി സെൻസസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

സി) വനമേഖലയിലെ വന്യജീവികളുടെ കണക്ക് സാമ്പിൾ സർ വ്വെ വഴിയുള്ള സെൻസസിലൂടെയാണ് തിട്ടപ്പെടുത്തുന്നത്. വലിയ ജീവികളുടെ എണ്ണത്തി ലുള്ള ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കണക്കെടുപ്പ് നടത്താറുണ്ട്. അപ്രകാരം 1993, 1997, 2002 എന്നീ വർഷങ്ങളിൽ നടത്തിയ കണക്കെടുപ്പിൽ ലഭിച്ച പ്രധാനപ്പെട്ട മൃഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വർഷം | | |
|---|---|---|---|
| | 1993 | 1997 | 2002 |
| ആന | 4286 | 5737 | 6965 |
| കാട്ടുപോത്ത് | 4840 | 4151 | 14787 |
| മലയണ്ണാൻ | 1384 | 63474 | 88919 |
| കരിങ്കുരങ്ങ് | 2987 | 24809 | 51517 |
| മ്ലാവ് | 10665 | 13661 | 30414 |
| പുള്ളിമാൻ | 6259 | 14882 | 38391 |
| കാട്ടുപന്നി | 40963 | 40425 | 60940 |
| കടുവ | 76 | 73 | 71 |

ഇതു കൂടാതെ കേന്ദ്ര-പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ ആന സംരക്ഷണ പദ്ധതിയുടെ ഭാഗമായി 2005, 2007, 2010 എന്നീ വർഷങ്ങളിൽ കാട്ടാനകൾക്കു മാത്രമായി നടത്തിയ

| | |
|---|---|
| | കണക്കെടുപ്പിൽ കൃത്യത ഉറപ്പ് വരുത്തുന്ന തിനായി കേരളം, തമിഴ് നാട്, കർണാടകം എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരേ ദിവസമാണ് കണക്കെടുപ്പ് നടത്തിയത്. കേരള വന ഗവേഷണ സ്ഥാപനം, പെരിയാർ ഫൗണ്ടേഷൻ എന്നിവയുടെ സാങ്കേതിക സഹായത്തോടെയാണ് സർ വ്വെ നടന്നത്. കണക്കെടുപ്പിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| കണക്കെടുപ്പ് വർഷം | ആനകളുടെ എണ്ണം |
|---|---|
| 2005 | 5135 |
| 2007 | 6068 |
| 2010 | 6026 |

**കടുവകളുടെ എണ്ണം**

ഡെറാഡൂണിലുള്ള വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യാ 2006 ൽ കടുവാ സംരക്ഷണ പദ്ധതി ( Project Tiger) യിൻ കീഴിൽ നടത്തിയ സെൻസസ് പ്രകാരം കേരളത്തിൽ 46 കടുവകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2010 ൽ ഇപ്രകാരം എടുത്ത കണക്കെടുപ്പിൽ കേരളത്തിൽ 71 കടുവകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

**വരയാടുകളുടെ എണ്ണം**

വരയാടുകൾക്ക മാത്രമായി ഇരവികുളം നാഷണൽ പാർക്കിൽ കഴിഞ്ഞ 3 വർഷം നടത്തിയ കണക്കെടുപ്പിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2008 - 743

**2009** - 747

**2010** - 776

| | |
|---|---|
| ഡി) വനവിഭവങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ എന്തെല്ലാം പുതിയ സംരംഭങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | ഡി) തടി-തടിയേതര വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് വ്യക്തമായ സംവിധാനം നിലവിലുണ്ട്. വനം വകുപ്പിന്റെ ഘനമര തോട്ടങ്ങളിൽ നിന്ന് മാനേജ് മെന്റ് പ്ലാൻ/ വർക്കിംഗ് പ്ലാൻ അനുസരിച്ച് വനം വകുപ്പ് നേരിട്ട് ഇടവെട്ട് / അന്തിമ വെട്ട് നടത്തി തടി ശേഖരിച്ച് സർക്കാർ തടി ഡിപ്പോകൾ ഡമ്പിംഗ് ഡിപ്പോകൾ വഴി പരസ്യ ലേലം / ദർഘാസ് മുഖേന വിപണനം നടത്തുന്നു. കൂടാതെ ഡിപ്പോകളിൽ നിന്നും വ്യക്തികൾക്ക് വീട് നിർമ്മാണത്തിനുള്ള തടി നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിൽ |

ചില്ലറയായും വിൽപ്പന നടത്തുന്നുണ്ട്. വനം വകുപ്പിന്റെ മൃദുമര തോട്ടങ്ങളിൽ നിന്നും വെള്ളത്തടികൾ പരസ്യ ലേലം /ദർഘാസ് മുഖേന അടങ്കൽ ലേലം നടത്തി തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നു. അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഈറ്റ, മുള എന്നിവ വ്യാവസായികാവശ്യത്തിനായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നിവർക്ക് അവരുമായി സർക്കാർ വച്ചിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലും നൽകി വരുന്നു. മറ്റ് തടിയേതര വന വിഭവങ്ങൾ ശേഖരി ക്കുന്നതിനുള്ള അവകാശം അംഗീകരിക്കപ്പെട്ട തദ്ദേശീയ ആദിവാസി സഹകരണ സംഘങ്ങൾക്ക് വർഷാവർഷം അനുവദിച്ചു നൽകുന്നുണ്ട്. കേരളത്തിലെ വനങ്ങളിൽ നിന്ന് ലഭിക്കുന്ന ചന്ദനം ഉപയോഗിച്ച് ചന്ദന തൈലം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറി കെ. എഫ്.ഡി.സി. യുടെ ചുമതലയിൽ ആരംഭിച്ചിട്ടുണ്ട്. ചന്ദന തൈല ത്തിന്റെ ചില്ലറ വിൽപ്പന എക്കോഷോപ്പുകൾ വഴി നടത്തി വരുന്നുണ്ട്.

വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികൾ എന്നിവർ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ എന്ന ബ്രാന്റിൽ ചില്ലറ വിൽപ്പന നടത്തി വരുന്നു. ഇതിനായി സംസ്ഥാനത്ത് 13 വനശ്രീ ഇക്കോഷോപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള വനശ്രീ യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിനും ഒരു മൊബൈൽ യൂണിറ്റ് തുടങ്ങുവാനും ഉള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. വനശ്രീ യൂണിറ്റുകൾ ഇപ്പോൾ ഇല്ലാത്ത വനം ഡിവിഷനുകളിൽ വനശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ഇ) ഡി.എഫ്.ഒ. മാർ നൽകിയിട്ടുള്ള തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് ഏതെങ്കിലും വിധത്തി ലുള്ള തടസ്സങ്ങൾ ഉണ്ടോ ; | ഇ) ഡി.എഫ്.ഒ. മാർ നൽകിയിട്ടുള്ള തടിമില്ലുകൾക്ക് ലൈസൻസ് നൽകി വരുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുമാണ് സംസ്ഥാനത്ത് തടിമില്ലുകൾക്ക് ലൈസൻസ് നൽകി വരുന്നത്. |
| എഫ് ) ഇതിലേക്കായി എത്ര അപേക്ഷകൾ സർക്കാരിന്റെ | എഫ്) തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നല്കുന്നതിനുള്ള അപേക്ഷകളൊന്നും വനം വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ 30-10-2002 ന് മുൻപ് |

| | |
|---|---|
| പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്; ഇവ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ? | പ്രവർത്തിച്ചിരുന്നതായി അവകാശപ്പെടുന്ന തടിയധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നേടുന്നതിനായി വനം വകുപ്പിന്റെ എൻ.ഒ.സി. നൽകുന്നതിനുള്ള 2647 അപേക്ഷകൾ മരാധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ അപേക്ഷ പരിഗണിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്. അവയിൽ 1031 എണ്ണത്തിൽ എൻ.ഒ.സി. നൽകി കഴിഞ്ഞു. ബാക്കിയുള്ള അപേക്ഷകളിൽ സമയാധിഷ്ഠിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ